# കേരള സർക്കാർ

## സംഗ്രഹം

ജി പി എഫ് (കേരള) റൂൾസ്, 2011 --മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന - പി എഫിൽ നിന്ന് താല്ക്കാലിക മുൻകൂർ (Temporary Advance) അനുവദിക്കുന്നതിന് പ്രത്യേക അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പ്രോവിഡന്റ് ഫണ്ട് ) വകുപ്പ്**

**സ.ഉ. (അച്ചടി) നം.157/2018/ധന തിരുവനന്തപുരം,തിയ്യതി 05/10/2018**

---

പരാമർശം : 1. ജി .ഒ. (പി) നം 144/2018/ധന തിയ്യതി 11/09/2018.
2. ജി .ഒ. (പി) നം 151/2018/ധന തിയ്യതി 26/09/2018.
3. സർക്കുലർ നമ്പർ 88/2018/ധന തിയ്യതി 25.09.2018.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഉത്തരവിന്റെ ഉൾപ്പിരിവ് 6 പ്രകാരം സർക്കാർ ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും 2018 സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് (Gross Salary) തുല്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടക്കാവുന്നതാണെന്നും ആയതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തരമായി സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. അതിനെ തുടർന്ന് സൂചന(2) ലെ ഉത്തരവിലൂടെ ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും 2018 സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക NRA എടുത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കുന്നതിന് പ്രത്യേക അനുമതി നല്കുകയുണ്ടായി .

പ്രോവിഡന്റ് ഫണ്ടിൽ നിന്ന് താല്ക്കാലിക മുൻകൂർ വഴിയും തുകയെടുത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കാനുള്ള അനുമതി നല്കണമെന്ന ആവശ്യവും വരികയുണ്ടായി.

സർക്കാർ ഇക്കാര്യവും വിശദമായി പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ , ജി പി എഫ് (കേരള) റൂൾസ്, 2011 ലെ ചട്ടം 15ൽ പറയുന്ന വ്യവസ്ഥകൾ കൂടാതെ " മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന" എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി എല്ലാ ജീവനക്കാർക്കും തങ്ങളുടെ പി എഫ് അക്കൗണ്ടിൽ നിന്ന് 2018 സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക (Gross Salary) താല്ക്കാലിക മുൻകൂർ (Temporary Advance) എടുത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കുന്നതിന് പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. സ്പാർക്കിൽ ഇതിനനുസൃതമായിട്ടുള്ള ഓപ്ഷൻ ലഭ്യമായിരിക്കുമെന്നും അറിയിക്കുന്നു.

പരാമർശം (3) ലെ സർക്കുലറിൽ പറയുന്ന പ്രകാരം, ജി പി എഫ്(കേരള) റൂൾസ്,2011 ൽ ടി വിഷയവുമായി ബന്ധപ്പെട്ട ഭേദഗതി ഉത്തരവുകൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഹെറോൾഡ് സേവ്യർ**
**അഡിഷണൽ സെക്രട്ടറി**

ഗ്രാഹകൻ

1. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ),ഓഡിറ്റ്,കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ജി & എസ് എസ് എ),കേരള,തിരുവനന്തപുരം.
3. അക്കൌണ്ടന്റ് ജനറൽ(ഇ ആർ & എസ് എ),കേരള,തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം.
5. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി,തിരുവനന്തപുരം.(സിഎൽ അടക്കം).
6. കേരള/കൊച്ചിൻ/കോഴിക്കോട്/കോട്ടയം/കണ്ണൂർ/കാലടി സംസ്കൃത സർവകലാശാല സെക്രട്ടറി (സി എൽ അടക്കം ).
7. കേരളസംസ്ഥാന വൈദ്യുതി ബോർഡ് സെക്രട്ടറി,തിരുവനന്തപുരം.(സിഎൽഅടക്കം ).
8. മണ്ണുത്തി കേരള കാർഷിക സർവകലാശാല റജിസ്ട്രാർ , തൃശൂർ .(സി എൽ അടക്കം ).
9. കേരള ഹൈകോർട്ട് റജിസ്ട്രാർ, എറണാകുളം.(സി എൽ അടക്കം ).
10. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടിമാർ .
11. അഡ്വക്കേറ്റ് ജനറൽ,കേരള,എറണാകുളം.(സി എൽ അടക്കം ).
12. മാനേജിങ്ങ് ഡയറക്ടർ ,കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം(സി എൽ അടക്കം ).
13. സെക്രട്ടറി, കേരള ഗവർണ്ണർ.

14. പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ.
15. പ്രൈവറ്റ് സെക്രട്ടറി,പ്രതിപക്ഷ നേതാവ് ,തിരുവനന്തപുരം.
16. അഡീഷണൽ സെക്രട്ടറി,കേരള ചീഫ് സെക്രട്ടറി.
17. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ , കേരള.
18. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,തിരുവനന്തപുരം(സി എൽ അടക്കം ).
19. കേരള ലോകായുക്ത റജിസ്ട്രാർ,തിരുവനന്തപുരം(സി എൽ അടക്കം ).
20. പബ്ളിക് റിലേഷൻസ് ഡയറക്ടർ , തിരുവനന്തപുരം.
21. പേഴ്സണൽ അസിസ്റ്റന്റ്,ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി.
22. നോഡൽ ഓഫീസർ ,www.finance.kerala.gov.in
23. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ